പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1946     25.3.2013 ൽ മറുപടിക്ക്

**എസ്.ഐ. നിയമനം ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) 2007-ലെ വിജ്ഞാപനത്തിലൂടെ പോലീസ് വകുപ്പിലേയ്ക്ക് സബ് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി നടത്തിയ പി.എസ്.സി പരീക്ഷ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നു വ്യക്തമാക്കുമോ; | (എ) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| ബി) നിയമനം വൈകുന്നതുമൂലം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 40 വയസ്സിലധികം പ്രായമുള്ളവർക്ക് നിയമനത്തിന്റെ ഭാഗമായ ട്രെയിനിംഗ് വളരെ ബുദ്ധിമുട്ടായിരിക്കുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (ബി) ട്രെയിനിംഗിൽ ഇളവു നൽകുന്നത് അഭിലക്ഷണീയമല്ലാത്തതിനാൽ ഇക്കാര്യം പരിഗണനയിലില്ല. |
| സി) നിലവിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണുള്ളത് എന്ന് വ്യക്തമാക്കുമോ; | സി) 1.3.2013 വരെ 193 ഒഴിവുകൾ |
| ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ